## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1009

06.06.2018-ൽ മറുപടിയ്ക്ക്.

### ക്ഷീരകർഷക ക്ഷേമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അനിൽ അക്കര | ശ്രീ.കെ രാജു (വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരകർഷകരുടെ ക്ഷേമത്തിനായി വിവിധ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും പലരും കാലിവളർത്തലിൽ നിന്നും പിന്നോട്ട് പോകുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുളള കാരണങ്ങൾ വിശദമാക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2017-18 വർഷം ഈ മേഖലയിൽ കൂടുതൽ കർഷകർ വന്നിട്ടുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 2017-18 വർഷം 34,299 ക്ഷീരകർഷകർ പുതിയതായി വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) കടക്കെണിയിലായ ക്ഷീരകർഷകർക്ക് വേണ്ടി 2016-17-ൽ നടപ്പിലാക്കിയ കടാശ്വാസ പദ്ധതിയുടെ ആനുകൂല്യം ഇതിനകം എത്ര പേർക്ക് ലഭിച്ചുവെന്ന് വിശദമാക്കാമോ; | (ബി) കറവപ്പശുക്കൾ ചത്തുപോയതുമൂലമോ ഉല്പാദനം നിലച്ചുപോയതോ കാരണം കറവപ്പശുക്കൾ വാങ്ങുന്നതിനായി എടുത്ത വായ്പ തിരിച്ചടക്കാൻ കഴിയാതെ വന്ന കർഷകരെ സഹായിക്കുന്നതിനായി നടപ്പാക്കിയ ഈ പദ്ധതിയുടെ പ്രയോജനം 2285 കർഷകർക്ക് ലഭ്യമായിട്ടുണ്ട്. |
| (സി) കടാശ്വാസ പദ്ധതി കൂടുതൽ പേരിലേക്ക് വ്യാപിപ്പിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | (സി) കടാശ്വാസ പദ്ധതി ഒരു ഒറ്റത്തവണ പദ്ധതി ആയിരുന്നു ഫണ്ടിന്റെ ലഭ്യത കുറവ് കാരണം ആണ് കൂടുതൽ ക്ഷീരകർഷകരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സാധിക്കാത്തത്. |
| (ഡി) ക്ഷീരകർഷകർക്ക് ഡയറി ഫാം ആധുനികവൽക്കരിക്കുന്നതിന് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്നും 2017-18-ൽ ഈ പദ്ധതിയുടെ ആനുകൂല്യം എത്ര ക്ഷീരകർഷകർക്ക് അനുവദിച്ചുവെന്നും വിശദമാക്കാമോ? | (ഡി) താഴെ പറയുന്ന പദ്ധതികൾ ആണ് ഡയറി ഫാം ആധുനീവത്കരിക്കുന്നതിന് വകുപ്പ് നൽകിയത്. |

| ക്രമ നം | പദ്ധതി ഘടകം | അനുവദിച്ച യൂണിറ്റുകളുടെ എണ്ണം | ധന സഹായ തുക (രൂപയിൽ) |
|---|---|---|---|
| 1 | ശാസ്ത്രീയ തൊഴുത്ത് നിർമ്മാണ/ നവീകരണ പദ്ധതി | 824 | 50000 |

| | | | |
|---|---|---|---|
| 2 | കറവയന്ത്രം വാങ്ങുന്നതിനുള്ള ധനസഹായ പദ്ധതി | 900 | 25000 |
| 3 | കർഷകർക്കുള്ള അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി | 520 | 50000 |
| 4 | കറവപ്പശുക്കൾക്ക് അന്തരീക്ഷ സമ്മർദ്ദം കറയ്ക്കുന്നതിനുള്ള ധനസഹായപദ്ധതി | 112 | 25000 |

**സെക്ഷൻ ഓഫീസർ**